പാഴ്സൽ ആഫീസുകൾ, കപ്പൽ തുടങ്ങിയവ വഴി നികുതി വെട്ടിച്ചുകൊണ്ടു പോകുന്ന ചരക്കുകൾ പരിശോധിച്ച് നിയമപ്രകാരമുള്ള പിഴ ഈടാക്കിവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ട കേസുകളിൽ നിയമാനുസരണം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. റെയിഡുകളുടെ ഫലമായി 1995 മുതൽ 99 വരെയുള്ള കാലയളവിൽ 213.25 കോടിയുടെ നികുതി വെട്ടിപ്പ് കണ്ടെത്തുകയും 3.25 കോടി രൂപ പിഴയിനത്തിൽ വസൂലാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ കോംപൗണ്ടിംഗ് ഫീ ഇനത്തിലും ഒരു കോടിയോളം രൂപ വസൂലാക്കിയിട്ടുണ്ട്.

കടബാദ്ധ്യത കുറയ്ക്കൽ നടപടി

25 (2738) ശ്രീ. സി. ടി. അഹമ്മദ് അലി :

ശ്രീ. എൻ. സുപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ഡിസംബർ വരെ സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയാണ് ;

(ബി) സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന കടബാദ്ധ്യത കുറയ്ക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) 1999-2000-ലെ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പൂർത്തീകരിച്ചിട്ടില്ല.

(ബി) കടബാദ്ധ്യത കുറയ്ക്കുന്നതിനുവേണ്ടി നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനുമുള്ള വിവിധ നടപടികൾ സർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. വില്പന നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുക, വിവിധ വകുപ്പുകളിലെ നികുതിയേതര വരുമാനം പുതുക്കി നിശ്ചയിക്കുക, ചെലവ് നിയന്ത്രിക്കുന്നതിനുവേണ്ടി നേരത്തെയുണ്ടായിരുന്ന വ്യയ നിയന്ത്രണ നടപടികൾക്ക് പുറമെ കുറെകൂടി കർശനമായ നടപടികൾ ഏർപ്പെടുത്തുക എന്നിവ ഇതിനുവേണ്ടി സർക്കാർ സ്വീകരിച്ച നടപടികളാണ്.

കരാറുകാർക്ക് കൊടുക്കാനുള്ള തുക

26 (2739) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. ഡബ്ല്യു. ഡി. ജലസേചനം തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളിലെ കരാറുകാർക്ക് എത്ര കോടി രൂപയുടെ കുടിശ്ശിക സർക്കാർ കൊടുക്കുവാൻ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

(ബി) കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം തുടങ്ങിയ സാമൂഹ്യക്ഷേമ പദ്ധതികളിൽ ഓരോന്നിലും എത്ര രൂപ വീതം കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ കൂടിശ്ശിക സമയബന്ധിതമായി കൊടുത്തു തീർക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

(ഡി) എങ്കിൽ അതിന്റെ വിശദ വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ)1. റോഡുകളും പാലങ്ങളും	500.52 കോടി രൂപ.
2. കെട്ടിട വിഭാഗം	56. 07 കോടി രൂപ.
3. ജലസേചനം ഇൻവെസ്റ്റിഗേഷൻ	5. 65 കോടി രൂപ.
4. ഇറിഗേഷൻ പ്രോജക്ട് ഒന്ന്	7. 99 കോടി രൂപ.
5. ഇറിഗേഷൻ പ്രോജക്ട് രണ്ട്	9. 79 കോടി രൂപ.
6. ഇറിഗേഷൻ പ്രോജക്ട് മൂന്ന്	6. 05 കോടി രൂപ.
7. ഇറിഗേഷൻ ഡിസൈൻ ആന്റ് റിസേർച്ച് ബോർഡ്	0. 68 കോടി രൂപ.
8. ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ	53. 68 കോടി രൂപ.
9. നാഷണൽ ഹൈവേ	9. 38 കോടി രൂപ.
(ബി) കർഷക തൊഴിലാളി പെൻഷൻ	26 കോടി രൂപ.
തൊഴിലില്ലായ്മ വേതനം	48. 50 കോടി രൂപ.

(സി) ഉണ്ട്.

(ഡി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുക ഈ ആവശ്യത്തിനും കൂടിയാണ്.

പലിശരഹിത ചികിത്സാ വായ്പ

27 (2740) ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാന ജീവനക്കാരിൽ എത്രപേർ പലിശരഹിത ചികിത്സാ വായ്പയ്ക്ക് അപേക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ആകെ എത്ര തുക ഈയിനത്തിൽ വായ്പ നൽകിയിട്ടുണ്ട് ;

(സി) ഈ വായ്പ തിരിച്ചു പിടിക്കുന്നതിനുള്ള സംവിധാനം എന്താണ് ;

(ഡി) സർക്കാർ ജീവനക്കാർക്ക് മാത്രമാണോ അതോ ആശ്രിതരുടെ ചികിത്സയ്ക്കും വായ്പ നൽകുന്നുണ്ടോ ?

ഉത്തരം

(എ) സംസ്ഥാന ജീവനക്കാരിൽ 311 പേർക്കും സംസ്ഥാന സഹായമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ 11 പേർക്കും ഉൾപ്പെടെ ആകെ 322 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly